# VERAPOLY

## ARCHDIOCESAN GAZETTE

## വരാപ്പുഴ അതിരൂപതാ ഗസറ്റ്

**Vol. LI - JK 21** | **2018 October 7** | **No. 9**

## സർക്കുലർ - 26

## ലോക മിഷൻഞായർ - 2018

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

2018 ഒക്ടോബർ 21-ാം തീയതി ഞായറാഴ്ച നാം ആഗോള കത്തോലിക്കാ സഭയോടൊത്ത് മിഷൻ ഞായർ ആചരിക്കുകയാണ്. 'നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവിൻ' എന്ന യേശുവിന്റെ ആഹ്വാനം ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട് ലോകത്തിന്റെ നാനാഭാഗങ്ങളിൽ പ്രേഷിത പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്ന എല്ലാ മിഷണറിമാരോടും പ്രാർഥനയോടെ നമുക്കുള്ള സ്നേഹവും കടപ്പാടും പ്രകടിപ്പിക്കുവാനും, വേദനയും വിപ്രവാസവും ദാരിദ്ര്യവും അനുഭവിക്കുന്നവർക്ക് നമ്മളാൽ കഴിയുന്ന സാമ്പത്തിക സഹായം നൽകാനുമുള്ള അവസരമാണ് മിഷൻ ഞായർ ആചരണം.

മുൻവർഷങ്ങളിലെപ്പോലെ തന്നെ ഈ പ്രാവശ്യവും വലിയൊരു തുക മിഷൻ ഞായർ സംഭാവന നൽകാൻ നമുക്ക് സാധിച്ചു. കഴിഞ്ഞ വർഷം എഴുപത്തിയഞ്ചു ലക്ഷത്തി നാല്പത്തൊ മ്പതിനായിരത്തി എഴുന്നൂറ്റി അറുപത്തഞ്ച് (75,49,765) രൂപ തിരുസഭയുടെ പ്രേഷിത പ്രവർത്തനത്തിന് നേതൃത്വം നൽകുന്ന പൊന്തിഫിക്കൽ മിഷൻ സൊസൈറ്റിക്ക് അയച്ചു കൊടുക്കാൻ നമുക്ക് സാധിച്ചത് നിങ്ങളോ

രോരുത്തരും സന്മനസ്സോടെ ത്യാഗപൂർണ്ണമായ സംഭാവനകൾ നൽകിയതുകൊണ്ടാണ്. അതിന് നിങ്ങൾക്കെല്ലാവർക്കും ഹൃദയപൂർവ്വം ഞാൻ നന്ദി പറയുന്നു.

**പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പായുടെ മിഷൻ ഞായർ സന്ദേശം താഴെ കൊടുത്തിരിക്കുന്നു. പ്രസ്തുത സന്ദേശം 2018 ഒക്ടോബർ 14-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്. ഈ വർഷത്തെ മിഷൻ സംഭാവനകൾ ശേഖരിച്ച് 2018 ഡിസംബർ 31-ാം തീയതിക്ക് മുമ്പ് അതിരൂപതാ കച്ചേരിയിൽ ഏൽപിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.**

എറണാകുളത്ത് നമ്മുടെ അതിമെത്രാസന മന്ദിരത്തിൽനിന്ന് 2018 ഒക്ടോബർ 7-ാം തീയതി,

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

# ആഗോളമിഷൻദിനസന്ദേശം – 2018

## "നമുക്ക് യുവജനങ്ങളോടൊപ്പം എല്ലാവർക്കും സുവിശേഷം എത്തിച്ചുകൊടുക്കാം"

## ഫ്രാൻസിസ് പാപ്പ

പ്രിയ യുവജനങ്ങളേ, ക്രിസ്തുവിൽ നിന്ന് നാം സ്വീകരിച്ച സുവിശേഷദൗത്യത്തെക്കുറിച്ച് നിങ്ങളോടുകൂടെ ചിന്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സഭയിൽ ദൈവമക്കളെന്ന നിലയിൽ സാഹസിക ജീവിതം നയിക്കുന്ന എല്ലാ ക്രൈസ്തവരെയും നിങ്ങളോടു സംസാരിക്കുമ്പോൾ ഞാൻ അഭിസംബോധന ചെയ്യുന്നുണ്ട്. നിങ്ങളുമായുള്ള ഈ സംസാരത്തിലൂടെ എല്ലാവരോടും സംസാരിക്കാൻ എന്നെ പ്രേരിപ്പിക്കുന്നത് ഒരു തീർച്ചയാണ്. ക്രൈസ്തവവിശ്വാസം യേശു നമ്മെ ഏല്പിച്ച ദൗത്യത്തോടു തുറവുള്ളതാകുമ്പോൾ നിത്യയൗവനത്തിൽ നിലനില്ക്കുമെന്ന തീർച്ചയാണത്. വിശുദ്ധ ജോൺപോൾ രണ്ടാമന്റെ വാക്കുകളിൽ പറഞ്ഞാൽ "മിഷൻ വിശ്വാസത്തെ പുനരുജീവിപ്പിക്കുന്നു" (രക്ഷകന്റെ മിഷൻ 2). യുവജനത്തോട് വലിയ സ്നേഹവും താത്പര്യവും കാണിച്ചിരുന്ന മാർപാപ്പയാണല്ലോ അദ്ദേഹം.

വരുന്ന മിഷൻമാസമായ ഒക്ടോബറിൽ ഒരു സൂനഹദോസ് റോമിൽ വച്ചു നടത്തും. യുവജനങ്ങളേ, നിങ്ങളോടും നിങ്ങളിലൂടെ എല്ലാ ക്രൈസ്തവ സമൂഹങ്ങളോടും, വിശ്വാസത്തെ കൂടുതൽ പൂർണമായി ഗ്രഹിക്കാൻ കർത്താവായ യേശുവിന് പറയാനുള്ളത് എന്താണെന്ന് വിശ്വാസത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കാനുള്ള ഒരു അവസരമാകും അത്.

### ജീവിതം ഒരു മിഷനാണ്

ഓരോ സ്ത്രീയും പുരുഷനും മിഷനാണ്. ഈ ലോകത്തിലുള്ള നമ്മുടെ ജീവിതത്തിന്റെ കാരണം അതാണ്. *ആകർഷിക്കപ്പെടുക അയയ്ക്കപ്പെടുക* എന്നീ രണ്ടു കാര്യങ്ങൾ നമ്മുടെ ഹൃദയത്തിൽ സ്നേഹത്തിന്റെ ആന്തരിക ശക്തികളായി നമുക്ക് അനുഭവപ്പെടും – പ്രത്യേകിച്ച് ചെറുപ്പത്തിൽ. അവ നമ്മുടെ ഭാവിയുടെ വാഗ്ദാനവും ജീവിതത്തിന് മാർഗദർശനവും നല്കുന്നു. ജീവന്റെ ശക്തി നമ്മിൽ പ്രവേശിക്കുകയും ആകർഷിക്കുകയും ചെയ്യുന്നതായി മറ്റുള്ള ആരെയുംകാൾ

കൂടുതലായി യുവജനങ്ങൾക്കു തോന്നും. ലോകത്തോട് നമുക്കുള്ള ഉത്തരവാദിത്വം സന്തോഷപൂർവം ജീവിക്കുകയെന്നത് വലിയൊരു വെല്ലുവിളിയാണ്. യൗവനത്തിന്റെ പ്രകാശത്തെയും നിഴലുകളെയുംകുറിച്ച് എനിക്ക് നന്നായിട്ട് അറിയാം. ഞാൻ എന്റെ യൗവനകാലത്തെയും എന്റെ കുടുംബത്തെയും പറ്റി ചിന്തിക്കുമ്പോൾ കൂടുതൽ നല്ല ഭാവിക്കുവേണ്ടിയുള്ള എന്റെ പ്രത്യാശയുടെ ശക്തി ഞാൻ ഓർമിക്കുന്നു. നമ്മുടെതന്നെ തിരഞ്ഞെടുപ്പുകൊണ്ടല്ല നമ്മൾ ഈ ലോകത്തിലായിരിക്കുന്നത്. നമുക്ക് മുമ്പേയുള്ള ഒരു പ്രാരംഭശക്തിയുണ്ടെന്നും അത് നമുക്ക് അസ്തിത്വം നല്കുന്നുവെന്നുമുള്ള ബോധം ആ വസ്തുത നമുക്കു നല്കുന്നു. നമ്മിൽ ഓരോരുത്തരും ഈ വസ്തുതയെക്കുറിച്ചു ചിന്തിക്കണം: "ഞാൻ ഈ ലോകത്തിൽ ഒരു മിഷനാണ്. ഞാൻ ഈ ലോകത്തിലായിരിക്കുന്നതിന്റെ കാരണം അതാണ്" (സുവിശേഷത്തിന്റെ സന്ദേശം 273).

**നാം യേശുക്രിസ്തുവിനെ പ്രഘോഷിക്കുന്നു**

സഭ താൻ സൗജന്യമായി സ്വീകരിച്ചത് പ്രഘോഷിക്കുന്നു (cf മത്താ 10:8; അപ്പ 3:6). അങ്ങനെ ചെയ്തുകൊണ്ട്, നമ്മുടെ ജീവിതത്തിന് ഈ ലോകത്തിൽ അർഥം നല്കുന്ന വഴിയും സത്യവും യുവജനമായ നിങ്ങളുമായി പങ്കുവയ്ക്കാൻ കഴിയും. സത്യത്തിന്റേതും നിറവേറലിന്റേതുമായ ഈ സന്ദേശം കണ്ടെത്താനും പ്രഘോഷിക്കാനും നമുക്കുവേണ്ടി മരിക്കുകയും ഉയിർക്കുകയും ചെയ്ത യേശുക്രിസ്തു നമ്മുടെ സ്വാതന്ത്ര്യത്തോട് ആവശ്യപ്പെടുകയും നമ്മെ വെല്ലുവിളിക്കുകയും ചെയ്യുന്നു. പ്രിയ യുവജനമേ, ക്രിസ്തുവിനെയും സഭയെയും ഭയപ്പെടേണ്ട. എന്തെന്നാൽ ജീവിതത്തെ സന്തോഷം കൊണ്ടുനിറയ്ക്കുന്ന നിധി അവിടെ നമ്മൾ കണ്ടെത്തുന്നു. എന്റെ അനുഭവത്തിൽ നിന്നു തന്നെ ഇക്കാര്യം നിങ്ങളോടു പറയാൻ എനിക്ക് സാധിക്കും. വിശ്വാസത്തിന്റെ സഹായത്താൽ എന്റെ സ്വപ്നങ്ങളുടെ തീർച്ചയുള്ള അടിസ്ഥാനവും അവയെ യാഥാർഥ്യമാക്കാൻ വേണ്ട ശക്തിയും ഞാൻ കണ്ടെത്തി.

നമ്മുടെ അനേകം സഹോദരങ്ങളുടെ മുഖങ്ങൾ വലിയ സഹനവും ദാരിദ്ര്യവും കൊണ്ട് വികലമാക്കപ്പെട്ടതായി ഞാൻ കണ്ടിട്ടുണ്ട്. എന്നാലും യേശുവിന്റെയടുത്തു നില്ക്കുന്നവർക്കു തിന്മ തന്നെ വലിയ സ്നേഹത്തിനുള്ള പ്രചോദനമാണ്. സുവിശേഷത്തോടുള്ള

സ്നേഹം കൊണ്ട് അനേകം സ്ത്രീപുരുഷന്മാരും അനേകം യുവജന ങ്ങളും ഉദാരതയോടെ തങ്ങളെത്തന്നെ ബലികഴിച്ചിട്ടുണ്ട് – ചിലപ്പോൾ രക്തസാക്ഷികളാകുകപോലും ചെയ്തിട്ടുണ്ട്. യേശുവിന്റെ കുരിശിൽ നിന്ന് ആത്മബലിയുടെ യുക്തി നാം പഠിക്കുന്നു (cf 1 കോറി 1:17–25). ലോകത്തിന്റെ ജീവനുവേണ്ടിയുള്ള സുവിശേഷപ്രഘോഷണമാണത് (cf യോഹ 3:16). ക്രിസ്തുവിനോടുള്ള സ്നേഹാഗ്നിയാൽ കത്തിക്ക പ്പെടുക ആ അഗ്നിയാൽ വിഴുങ്ങപ്പെടുക അതിന്റെ പ്രകാശത്താൽ മന സ്സിലാക്കൽ പ്രക്രിയയിൽ വളരുക അതിന്റെ സ്നേഹത്താൽ ചൂടുള്ള വരായിരിക്കുക (cf 2 കോറി 5:14). ദൈവത്തിന്റെ വിസ്തൃത ചക്രവാ ളത്തിലേക്ക് നമ്മെ തുറക്കുന്ന വിശുദ്ധരുടെ പാഠശാലയിൽ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. "ക്രിസ്തു എന്റെ സ്ഥാനത്തായിരുന്നെങ്കിൽ അവിടന്ന് എന്തു ചെയ്യുമായിരുന്നു?" എന്ന വിസ്മയത്തിൽ നിർത്താ തിരിക്കാനാണ് ഞാൻ ക്ഷണിക്കുന്നത്.

**വിശ്വാസത്തെ ലോകത്തിന്റെ അതിരുകളിലേക്ക് പകരുക**

യുവസുഹൃത്തുക്കളേ, നിങ്ങളും മാമ്മോദീസ വഴി സഭയുടെ ജീവിക്കുന്ന അംഗങ്ങളായി. അതോടെ എല്ലാവർക്കും സുവിശേഷം എത്തിച്ചു കൊടുക്കാനുള്ള ദൗത്യം നമ്മൾ സ്വീകരിച്ചിട്ടുണ്ട്. നിങ്ങൾ ജീവിതത്തിന്റെ പടിവാതുക്കലാണ്. സഭയുടെ കൂദാശകൾ, നമുക്ക് നല്കപ്പെട്ട വിശ്വാസത്തിന്റെ കൃപാവരത്തിൽ വളരുന്നതിന്, സാക്ഷി കളുടെ മഹത്തായ പ്രവാഹത്തിലേക്ക് നമ്മെ മുക്കുന്നു. തലമുറതോറും കൂടുതൽ പ്രായമുള്ളവരുടെ ജ്ഞാനവും അനുഭവവും, ഭാവിയിലേക്ക് നോക്കുന്നവർക്ക് സാക്ഷ്യവും പ്രോത്സാഹനവുമായിത്തീരാൻ ആ സാക്ഷികൾ ശക്തി നല്കും. ജീവിതയാത്രയുടെ അന്തിമഘട്ടത്തിലേക്കു അടുക്കുന്നവർക്ക് യുവജനത്തിന്റെ നവീനതയും ആവേശവും പിന്തു ണയുടെയും പ്രത്യാശയുടെയും ഉറവിടമാക്കിമാറ്റും. ജീവിതത്തിലെ വ്യത്യസ്ത ഘട്ടങ്ങളുടെ ഈ ഇണക്കിച്ചേർക്കലിൽ സഭയുടെ മിഷൻ തലമുറകൾ തമ്മിലുള്ള പാലം പണിയും. നമ്മുടെ ദൈവവിശ്വാസവും അയൽക്കാരനോടുള്ള സ്നേഹവും അഗാധമായ ഐക്യത്തിന്റെ ഉറ വിടമാകും.

വിശ്വാസത്തിന്റെ ഈ പകർന്നു നല്കൽ സഭയുടെ മിഷന്റെ കേന്ദ്ര മാണ്. പകരാനുള്ള സ്നേഹത്തിന്റെ കഴിവിൽ നിന്നാണ് അത് ഉദ്ഭവി ക്കുന്നത്. അവിടെ സന്തോഷവും ആവേശവും ജീവിതത്തിൽ പുതു

തായി കണ്ടെത്തിയ അർഥത്തിന്റെയും നിറവേറലിന്റെയും പ്രകടന മായിത്തീരുന്നു. ആകർഷണം വഴിയുള്ള വിശ്വാസത്തിന്റെ വ്യാപന ത്തിന് തുറവുള്ളതും സ്നേഹത്താൽ വികസിക്കപ്പെട്ടതുമായ ഹൃദയ ങ്ങൾ വേണം. സ്നേഹത്തിന് അതിരുകല്പിക്കാൻ സാധ്യമല്ല. കാ രണം, അത് മരണത്തെപ്പോലെ ശക്തമാണ് (cf ഉത്തമഗീതം 8:6). കണ്ടു മുട്ടൽ, സാക്ഷ്യം, പ്രഘോഷണം എന്നിവയെ ആ വ്യാപനം ഉത്പാദി പ്പിക്കുന്നു. വിശ്വാസത്തിൽ നിന്ന് അകലെയായിരിക്കുന്നവരും, നിസ്സം ഗരായിരിക്കുന്നവരും ശത്രുതയോടെ വിശ്വാസത്തെ എതിർക്കുന്നവ രുമായ എല്ലാവരുമായി പരസ്നേഹത്തിൽ പങ്കുവയ്ക്കലിനെ ജനിപ്പി ക്കുന്നു. യേശുവിന്റെ സുവിശേഷവും സഭയുടെ കൗദാശിക സാന്നി ധ്യവും ഇനിയും അറിയാത്ത മാനുഷിക-സാംസ്കാരിക-മതാത്മക പരി തസ്ഥിതികളാണ് അങ്ങേയറ്റത്തെ അരികുകൾ അഥവാ ലോകത്തിന്റെ അതിരുകൾ. ആ അതിരുകളിലേക്ക് ഒന്നാമത്തെ ഈസ്റ്റർ മുതൽ ക്രിസ്തു തന്റെ പ്രേഷിതശിഷ്യരെ അയച്ചും അവരുടെ കർത്താവ് എപ്പോഴും അവരുടെ കൂടെ ഉണ്ടായിരിക്കുമെന്ന തീർചയോടെയാണ് അയച്ചത് (cf മത്താ 28:20; അപ്പ 1:8). "ജാതികളിലേക്കുള്ള പ്രേഷി തത്വം" എന്ന് നാം വിളിക്കുന്നത് ഇതിനെയാണ്. ഏറ്റവും ജീർണിച്ച അതിര് യേശുവിനെ ആവശ്യമുള്ള മനുഷ്യവർഗം വിശ്വാസത്തോട് നിസ്സംഗത പുലർത്തുന്ന സ്ഥലമാണ്. അല്ലെങ്കിൽ ദൈവത്തിലുള്ള ജീവന്റെ പൂർണതയോട് വിദ്വേഷം പ്രകടിപ്പിക്കുന്നിടമാണ്. ഭൗമികവും ആധ്യാത്മികവുമായ എല്ലാ ദാരിദ്ര്യവും നമ്മുടെ സഹോദരീസഹോദ രന്മാരോട് കാണിക്കുന്ന വിവേചനത്തിന്റെ ഓരോ രൂപവും എപ്പോഴും ദൈവത്തെയും അവിടത്തെ സ്നേഹത്തെയും തള്ളിക്കളയുന്നതിന്റെ ഫലമായിട്ട് ഉണ്ടാകുന്നതാണ്.

പ്രിയ യുവജനമേ, ലോകത്തിന്റെ അതിരുകൾ ഇക്കാലത്ത് തികച്ചും ആപേക്ഷികമാണ്. മിക്കപ്പോഴും എളുപ്പത്തിൽ "കപ്പൽ സഞ്ചാരം ചെയ്യാവുന്നതുമാണ്. ഡിജിറ്റൾ ലോകം - ഏറെ വ്യാപ കവും സുലഭവുമായ സാമൂഹിക നെറ്റുവർക്കുകൾ അതിരുകളെ ഇല്ലാ താക്കുന്നു. അകലം ഇല്ലാതാക്കുന്നു. വ്യത്യാസങ്ങൾ കുറയ്ക്കുന്നു. എല്ലാം കൈയെത്തുന്നിടത്ത് ഉള്ളവയായി ഏറ്റവും അടുപ്പത്തിലുള്ള തായി, നേരിട്ടു കിട്ടുന്നതായി തോന്നുന്നു. എന്നാലും അനേകം ബന്ധ പ്പെടലുകൾ നമുക്ക് ഉണ്ടാകുന്നുണ്ടെങ്കിലും ജീവന്റെ യഥാർഥ കൂട്ടാ യ്മയിൽ ഒരിക്കലും പങ്കുചേരുന്നില്ലെന്നു വരാം. നമ്മുടെ ജീവിത

ത്തിന്റെ ആത്മാർഥമായ ദാനമില്ലാത്തതുകൊണ്ടാണത്. ലോകത്തിന്റെ അതിർത്തികൾവരെ മിഷനിൽ പങ്കുചേരുകയെന്നത്, ദൈവം നമുക്കു തന്ന വിളിയിൽ നമ്മെത്തന്നെ ദാനമായി നല്കുകയെന്നത്, ആവശ്യ മാണ്. ദൈവമാണല്ലോ നമ്മെ ഈ ഭൂമിയിൽ സ്ഥാപിച്ചത് (cf ലൂക്കാ 9:23-25). യേശുക്രിസ്തുവിനെ അനുഗമിക്കാൻ ആഗ്രഹിക്കുന്ന ഏതു യുവാവിനെയും യുവതിയെയും സംബന്ധിച്ചിടത്തോളം ഏറ്റവും സത്താപരമായിട്ടുള്ളത് സ്വന്തം വിളി അന്വേഷിക്കുകയും കണ്ടെത്തു കയും അതിൽ നിലനില്ക്കുകയും ചെയ്യുകയെന്നതാണ് എന്നു ഞാൻ ഉറപ്പിച്ചു പറയുന്നു.

**സ്നേഹത്തിനു സാക്ഷ്യം വഹിച്ചുകൊണ്ട്**

തന്റെ സഭയിൽ വസിക്കുന്ന യേശുവിനെ വ്യക്തിപരമായി കണ്ടു മുട്ടുവാൻ നിങ്ങൾക്ക് സാധ്യത നല്കുന്ന സഭാത്മകഗ്രൂപ്പുകളായിട്ടുള്ള ഇടവകകൾ, സംഘടനകൾ, പ്രസ്ഥാനങ്ങൾ സന്ന്യസ്ത സമൂഹങ്ങൾ എന്നിവരോടും മിഷണറിസേവനത്തിന്റെ വിവിധപ്രകാശനങ്ങളോടും എനിക്കു നന്ദിയുണ്ട്. എത്രയോ യുവജനങ്ങൾ പ്രേഷിതത്വ സന്നദ്ധ സേവനത്തിൽ നമ്മുടെ സഹോദരീസഹോദരന്മാരിൽ “ഏററവും എളി യവരെ” സേവിക്കാനുള്ള മാർഗം കണ്ടെത്തുന്നുണ്ട് (cf മത്താ 25:40). അവർ മനുഷ്യമഹത്ത്വത്തെ വളർത്തുന്നു. സ്നേഹത്തിന്റെ സന്തോ ഷത്തിനും ക്രിസ്ത്യാനിയായിരിക്കുന്നതിലുള്ള സന്തോഷത്തിനും അവർ സാക്ഷ്യം വഹിക്കുന്നു. സഭാത്മകമായ ഈ അനുഭവങ്ങൾ യുവ ജനങ്ങളെ പ്രൊഫഷണൽ വിജയത്തിനായി മാത്രമല്ല പിന്നെയോ, മറ്റുള്ളവർക്കു സേവനം ചെയ്യാൻ ദൈവം നല്കിയ ദാനങ്ങളെ വിക സിപ്പിക്കുകയും വളർത്തുകയും ചെയ്യാനും പഠിപ്പിക്കുകയും പരിശീ ലിപ്പിക്കുകയും ചെയ്യുന്നുണ്ട്. താത്കാലിക മിഷണറി സേവനത്തിൽ പ്രശംസനീയമായ ഈ രൂപങ്ങൾ ഫലപൂർണമായ ആരംഭമാണ്. വിളി പരമായ തിരിച്ചറിവിലൂടെ നിങ്ങളെ സഹായിക്കാൻ- മിഷണറിമാരായി ജീവിതം മുഴുവൻ സമർപ്പിക്കാൻ സഹായിക്കുന്നതിന്- അവർക്ക് കഴിയും.

പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ യുവഹൃദയങ്ങളിൽ നിന്നാണു ജനിച്ചത്. ഓരോ ജനതയോടും സുവിശേഷ പ്രസംഗം നട ത്താനുള്ള പിന്തുണയുടെ മാർഗമാണത്. സത്യം അറിയാൻ ദാഹി ക്കുന്ന എല്ലാവർക്കും മാനുഷികവും സാംസ്കാരികവുമായ വളർച്ച

യ്ക്കായി സഹായം ചെയ്യുവാനാണത്. പൊന്തിഫിക്കൽ മിഷൻ സൊസൈറ്റിയിലൂടെ പ്രാർഥനയും ഭൗതികസഹായങ്ങളും ഉദാരത യോടെ നല്കപ്പെടുകയും വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. വ്യക്തിപരമായ കാര്യങ്ങളിൽ സഹായിക്കപ്പെടുന്നവർ അവരുടെ അനു ദിന ജീവിത സാഹചര്യങ്ങളിൽ സുവിശേഷത്തിനു സാക്ഷ്യം വഹി ക്കാൻ കഴിവുള്ളരാകുമെന്ന് പരിശുദ്ധ സിംഹാസനത്തിന് ഉറപ്പുണ്ടാ കാൻ ആ സൊസൈറ്റികൾ സഹായിക്കുന്നു. തങ്ങൾക്ക് ഉള്ളത് എന്ന തിനെക്കാൾ തങ്ങൾ ആയിരിക്കുന്നതെന്തോ അത് ഒന്നാമതായി നല്കാൻ കഴിയാത്തവിധം ദരിദ്രനായി ആരുമില്ല. ചിലിയിലെ യുവജ നത്തോട് ഞാൻ പറഞ്ഞ പ്രോത്സാഹനകരമായ വാക്കുകൾ ആവർത്തി ക്കട്ടെ: “ഒന്നും കൊടുക്കാനില്ലെന്നോ ആർക്കും നിങ്ങളെക്കൊണ്ട് ആവ ശ്യമില്ലെന്നോ നിങ്ങൾ ഒരിക്കലും വിചാരിക്കരുത്. ഏറെ ആളുകൾക്ക് നിങ്ങളെക്കൊണ്ട് ആവശ്യമുണ്ട്. ഇതിനെപ്പറ്റി ചിന്തിക്കുക! നിങ്ങളിൽ ഓരോ വ്യക്തിയും ഹൃദയത്തിൽ ഇങ്ങനെ ചിന്തിക്കണം: അനേകർക്ക് ആവശ്യമുള്ള ആളാണ് ഞാൻ” (യുവജനങ്ങളെ കണ്ടുമുട്ടൽ, മയ്പൂ ഷ്റൈൻ, 17 ജനുവരി 2018).

പ്രിയയുവജനമേ, മിഷനുകളുടെ മാസമായ ഈ ഒക്ടോബർ മാസത്തിൽ നിങ്ങൾക്കായുള്ള സൂനഹദോസു നടത്തും. യേശുവിനും ലോകത്തിന്റെ അതിർത്തികൾ വരെയുള്ള അവിടത്തേ മിഷനും വികാ രാവേശത്തോടെ കൂടുതൽ സമർപ്പിതരായ മിഷണറി ശിഷ്യന്മാരാകാൻ ഒരിക്കൽ കൂടി നമ്മെ സഹായിക്കുന്ന ഒരവസരമായിരിക്കും അത്. നമുക്ക് എല്ലാവർക്കും വേണ്ടി മാധ്യസ്ഥ്യം വഹിക്കാനും എപ്പോഴും നമ്മോടൊപ്പം ഉണ്ടായിരിക്കാനും ശ്ലീഹന്മാരുടെ രാജ്ഞിയായ മറിയ ത്തോടും വിശുദ്ധ ഫ്രാൻസിസ് സേവ്യറിനോടും വിശുദ്ധ കൊച്ചുത്രേ സ്യായോടും വാഴ്ത്തപ്പെട്ട പാവുളോ മന്നായോടും ഞാൻ അപേക്ഷി ക്കുന്നു.

വത്തിക്കാനിൽ നിന്ന്,
20 മേയ് 2018 പെന്തെക്കോസ്താ തിരുനാൾ ദിവസം

**ഫ്രാൻസിസ് പാപ്പാ**

# MISSION SUNDAY COLLECTIONS
# 2017-18

## DISTRICT - I

| Sl. No. | Name of Churches | Amount |
|---|---|---|
| 1 | St. Francis Assisi Cathedral, Ernakulam | 2,60,000.00 |
| 2 | St. Mary's Church, Pulleppady | 1,10,000.00 |
| 3 | Holy Family Monastery Church, Ernakulam | 62,000.00 |
| 4 | St. Theresa's Monastery Church, Ernakulam | 8,000.00 |
| 5 | St. Sebastian Church, Bolghatty | 20,000.00 |
| 6 | Fathima Matha Church, Elamkulam | 54,830.00 |
| 7 | Infant Jesus Church, Ernakulam | 50,000.00 |
| 8 | St. Sebastian Church, Kadavanthara | 40,000.00 |
| 9 | St. George's Church, Perumanoor | 3,00,000.00 |
| 10 | Our Lady of Mercy, Ponnarimangalam | 100,000.00 |
| 11 | St. Joseph's Church, Thevara | 5,17,100.00 |
| 12 | The National Shrine Bassilica of Our Lady of Vallarpadam | 3,00,001.00 |
| 13 | St. Joseph's Church, Panambukad | 48,000.00 |

## DISTRICT - II

| Sl. No. | Name of Churches | Amount |
|---|---|---|
| 1 | Our Lady of Mount Carmel Church, Chathiath | 8,37,100.00 |
| 2 | Lourdu Matha Church, Lourdupuram, Pachalam | 21,000.00 |
| 3 | Don Bosco Church, Thattazhathama, Vaduthala | 1,29,965.00 |
| 4 | Holy Family Church, Chittoor | 1,55,000.00 |
| 5 | Our Lady of Perpetual Help Church, Cheranelloor | 2,50,000.00 |
| 6 | St. James Church, Cheranelloor | 1,00,000.00 |
| 7 | Sacred Heart of Jesus Church, Edappally North | 15,000.00 |
| 8 | Sacred Heart of Jesus Church, Kothad | 35,000.00 |
| 9 | St. Augustine's Church, Moolampilly | 50,000.00 |
| 10 | St. Sebastian's Church, Cheriakadamakudy | 5,000.00 |
| 11 | St. Francis Xavier's Church, Pizhala | 10,000.00 |
| 12 | St. Antony's Church, Vaduthala | 3,61,000.00 |
| 13 | St. Sebastian's Church, Edayakunnam | 25,000.00 |

| DISTRICT - III | | |
|---|---|---|
| Sl. No. | Name of Churches | Amount |
| 1 | St. Sebastian Church, Chalikkavottom | 65,000.00 |
| 2 | Lourdu Matha Church, Elamakkara | 1,21,140.00 |
| 3 | St. Francis Xavier's Church, Kaloor | 20,80,000.00 |
| 4 | St. Michael's Church, Kakkanad | 1,00,000.00 |
| 5 | Our Lady of Mount Carmel Church, Mamangalam | 1,10,000.00 |
| 6 | St. Nicholas De Flue Church, Padamugal | 1,20,000.00 |
| 7 | St. Antony's Church, Athany, Kakkanad | 15,000.00 |
| 8 | St. John the Baptist Church, Palarivattom | 3,12,675.00 |
| 9 | Capuchin Ashram Church, Ponnurunny | 20,000.00 |
| 10 | St. Francis Xavier's Church, Ponel | 1,41,770.00 |
| 11 | Little Flower Church, Pottakuzhy | 3,40,040.00 |
| 12 | Our Lady of Dolours Church, Thuthiyoor | 30,000.00 |
| 13 | Abhaya Matha Church, Vennala | 5,000.00 |
| 14 | St. John Bosco Church, Edachira | 15,480.00 |
| **DISTRICT - IV** | | |
| 1. | St. George's Church, Eroor | 1,00,000.00 |
| 2. | St. Mary Magdalene's Church, Moothedom, Maradu | 3,06,500.00 |
| 3. | Our Lady of Perpetual Help Church, Udayamperoor | 40,000.00 |
| 4. | St. Jude's Church, Kureekad | 15,000.00 |
| 5. | St. Antony's Church, Mulamthuruthy | 20,000.00 |
| 6. | St. George's Church, Puthencruz | 10,000.00 |
| 7. | St. Joseph's Church, Ambalamugal | 56,000.00 |
| 8. | St. Joseph's Church, Tripunithura | 3,50,000.00 |
| 9. | Nirmalambika Church, Irumpanam | 12,000.00 |
| 10. | Church of Our Lady of Immaculate Heart of Mary, Nettoor | 75,000.00 |
| 11. | St. Sebastian's Church, Madavana | 25,000.00 |
| 12. | St. Antony's Church, Panangad | 1,00,000.00 |
| 13. | St. Joseph's Church, Cheppanam | 14,000.00 |
| 14. | St. Thomas Church, Thomaspuram | 75,000.00 |
| 15. | St. Raphael's Church, Thykoodam | 2,00,000.00 |
| 16. | St. Patrick's Church, Vyttila | 1,00,000.00 |

| DISTRICT - V | | |
|---|---|---|
| Sl. No. | Name of Churches | Amount |
| 1 | Mary Queen Help of Christians Church, Choornikkara | 28,350.00 |
| 2 | St. Antony's Church, Eloor | 15,000.00 |
| 3 | Christ the King Church, Eloor North | 1,35,604.00 |
| 4 | St. Pius X Church, Kalamassery | 65,000.00 |
| 5 | Vimalambika Church, Pallilamkara | 16,000.00 |
| 6 | St. Paul's Church, Kalamassery | 12,000.00 |
| 7 | St. Thomas Church, Kuttikattukara | 86,000.00 |
| 8 | Fathima Matha Church, Edayar | 25,442.00 |
| 9 | Church Of Our Lady of Imm.Conception, Manjummel | 1,25,000.00 |
| 10 | St. John of the Apostle Church, Muppathadam | 75,000.00 |
| 11 | St. John of God, Kalamassery | 5,000.00 |
| 12 | St. Jude Church, Unichira | 2,00,000.00 |
| 13 | Lourdu Matha Church, Thevakkal | 10,000.00 |
| DISTRICT - VI | | |
| 1 | St. Francis Xavier's Church, Alwaye | 30,000.00 |
| 2 | Sacred Heart of Jesus Church, Mudickal | 20,000.00 |
| 3 | Sacred Heart Monastry, Aluva | 5,410.00 |
| 4 | Church of Our Lady of Health, Ponjassery | 22,720.00 |
| 5 | St. Jude Thaddeus Church, Edathala | 1,10,000.00 |
| 6 | Sacred Heart Church, Khristhunagar, NAD, Aluva | 3,000.00 |
| 7 | Our Lady of Immaculate Conception Church, Koratty | 1,00,000.00 |
| 8 | St. Jude Thaddeus Church, Yodapuram | 25,000.00 |
| 9 | Our Lady of Dolours Church, Manjaly | 5,000,00 |
| 10 | St. Joseph's Church, Karumaloor, Manakapady | 54,500.00 |
| 11 | Unnimisiha Church, Thelathuruth | 5,000.00 |
| 12 | St. Anne's Church, Thottakattukara | 2,50,000.00 |
| 13 | St. Antony's Church, Athani, Nedumbassery | 50,000.00 |
| 14 | St. Francis Assissi Church, Chowara | 2,260.00 |
| 15. | St. Jude's Church, Kanjoor, Parapuram | 2,270.00 |

| DISTRICT - VII | | |
|---|---|---|
| Sl. No. | Name of Churches | Amount |
| 1 | St. Antony's Church, Chennur | 35,610.00 |
| 2 | Our Lady of Velankanni, Chariyamthuruth | 20,100.00 |
| 3 | St. Joseph's Church, Valiyakadamakudy | 8,600.00 |
| 4 | Christ the King Church, Christnagar | 30,000.00 |
| 5 | St. Philomina's Church, Koonammavu | 1,89,211.00 |
| 6 | Sacred Heart Church, Thevarkad | 30,000.00 |
| 7 | Church of Our Lady of Rosary, Maloth | 13,000.00 |
| 8 | St. Antony's Church, Kongorpilly | 85,000.00 |
| 9 | Church of Our Lady of Nativity, Muttinakam | 1,00,000.00 |
| 10 | St. Joseph's Church, Neerikode | 97,190.00 |
| 11 | Little Flower Church, Panayikulam | 86,000.00 |
| 12 | Infant Jesus Church, Thundathumkadavu | 52,000.00 |
| 13 | Amalolbhavamatha Church, Valluvally | 20,000.00 |
| 14 | Mount Carmel & St. Joseph's Church, Varapuzha | 1,50,000.00 |
| **DISTRICT - VIII** | | |
| 1 | St. Ambrose Church, Edavanakad | 1,00,001.00 |
| 2 | St. George Church, Karthedom | 2,00,000.00 |
| 3 | St. Sebastian's Church, Perumalpady | 20,000.00 |
| 4 | St. Joseph's Church, Kadapuram, Malipuram | 25,000.00 |
| 5 | Cruz Milagres Church, Kurisinkal | 3,68,514.00 |
| 6 | Church of Our Lady of Rosary, Murikkumpadam | 30,000.00 |
| 7 | St. Sebastian Church, Putthuvaipu | 25,000.00 |
| 8 | Church of Our Lady of Perpetual Help, Ochanthuruth | 50,000.00 |
| 9 | Holy Family Church, Perumpilly | 1,00,000.00 |
| 10 | Queen of Holy Rosary Church, Elamkunnapuzha | 20,000.00 |
| 11 | Christ the King Church, Arattuvazhy | 60,000.00 |
| 12 | St. Francis Xavier's Church, Manjanakad | 40,000.00 |
| 13 | St. George Church, Nayarambalam, Vadel | 25,000.00 |
| 14 | Sacred Heart of Jesus Church, Manattuparambu | 1,35,000.00 |

| Sl. No. | Name of Convents & Institutions | Amount |
|---|---|---|
| 1 | Lourdes Hospital, Ernakulam | 3,25,000.00 |
| 2 | St. Theresa's Convent, Ernakulam | 80,000.00 |
| 3 | Holy Ghost Convent & School, Thottakattukara | 78,000.00 |
| 4 | Vimalalayam Convent, Kacheripady | 40,050.00 |
| 5 | St. Joseph's Convent, Varapuzha | 35,000.00 |
| 6 | Christ The King Convent, Ponnurunni | 31,000.00 |
| 7 | Little Flower Engineering Institute, Kalamassery | 30,000.00 |
| 8 | St. Joseph's Woods Convent, Kalamassery | 28,000.00 |
| 9 | Christhu Jayanthi Hospital, Perumpilly | 25,000.00 |
| 10 | St. Joseph's Provincilate C.T.C, Kennedymukku | 20,000.00 |
| 11 | St. Benedict's Convent, Panayikulam | 20,000.00 |
| 12 | St. Antony's Convent, Kacheripady | 20,000.00 |
| 13 | Cherupushpalayam Convent, Koonammavu | 20,000.00 |
| 14 | St. Joseph's Vidyabhavan, Edapally Toll | 20,000.00 |
| 15 | Poor Clares Collentines Assisi Monastery, Aluva | 17,600.00 |
| 16 | Anugraha Convent, T.D. Road, Ernakulam | 16,000.00 |
| 17 | P.S.M. Convent, Maradu, Moothedom | 12,000.00 |
| 18 | S.H.J.U.P. School, Eloor | 12,000.00 |
| 19 | St. Francis Xavier's Convent, Kaloor | 12,000.00 |
| 20 | St. Xavier's Convent, Aluva | 10,000.00 |
| 21 | Little Flower Convent, Aluva | 10,000.00 |
| 22 | House of Providence, Ernakulam | 10,000.00 |
| 23 | Mount Carmel Convent, Chathiath | 10,000.00 |
| 24 | St. Theresa's Mercy Home, Kacheripady | 5,615.00 |
| 25 | Adoration Monastery 'Villa Soccorso', Chembumukku | 5,000.00 |
| 26 | Udhayathara Bhavan, Udayamperoor | 5,000.00 |
| 27 | Missionary Sisters of Incarmation, Vallarpadam | 3,500.00 |
| 28 | Ashirbhavan, Ernakulam | 3,000.00 |

| Sl. No. | Name of Convents & Institutions | Amount |
|---|---|---|
| 29 | Queen Mary's Convent, Mudickal | 3,000.00 |
| 30 | Amalambica Convent, Vaduthala | 3,000.00 |
| 31 | Regina Coeli Convent, Kalamassery | 3,000.00 |
| 32 | St. Vincent De Paul Convent, Palarivattom | 2,500.00 |
| 33 | Isabella De Rosis Convent, Thevarkad | 2,000.00 |
| 34 | Holy Family Convent, Manjummel | 2,000.00 |
| 35 | Christhu Vikas Convent, N.A.D, Aluva | 2,000.00 |
| 36 | Nazerath Formation House, Perumpilly | 2,000.00 |
| 37 | St. Joseph's Convent, Unichira | 1,500.00 |
| 38 | Divine Zeal Convent, Chalikavattom | 1,000.00 |
| 39 | Pranidhyana Harmiam, Ayroor | 1,000.00 |
| 40 | Vimalambika Convent, Ambikapuram | 1,000.00 |
| 41 | Vimala Hridhaya Convent, Edathala | 1,000.00 |
| 42 | Sisters of Holy Nativity, Ponnarimangalam | 1,000.00 |

## CIRCULAR - 27

## അഭിവന്ദ്യ ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവിന്റെ 9–ാം ചരമവാർഷികം

*യേശുവിൽ പ്രിയ സഹോദരവൈദികരേ,*
*സന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

അഭിവന്ദ്യ ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവ് ദിവംഗതനായിട്ട് 2018 ഒക്ടോബർ 26–ാം തീയതി ഒൻപതു വർഷം തികയുകയാണ്. പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് **ഒക്ടോബർ 26–ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 5.30 ന്** നമ്മുടെ സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രൽ ദേവാലയത്തിൽവച്ച് പരേതസ്മരണ ദിവ്യബലിയും തുടർന്ന് കബറിടത്തിൽ ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്. സാധിക്കുന്ന എല്ലാവരും പ്രസ്തുത തിരുകർമങ്ങളിൽ പങ്കുചേർന്ന് പിതാവിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

എറണാകുളം
7.10.2018

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത

## സർക്കുലർ – 28

# അഭിവന്ദ്യ ജോസഫ് കേളന്തറ മെത്രാപ്പോലീത്തയുടെയും അഭിവന്ദ്യ കൊർണേലിയൂസ് ഇലഞ്ഞിക്കൽ മെത്രാപ്പോലീത്തയുടെയും ജന്മശതാബ്ദി

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

ഭാഗ്യസ്മരണാർഹരായ അഭിവന്ദ്യ ജോസഫ് കേളന്തറ പിതാവിന്റെയും അഭിവന്ദ്യ കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവിന്റെയും ജന്മശതാബ്ദി വർഷമാണ് 2018. 1918 ജനുവരി 19നാണ് ജോസഫ് കേളന്തറപിതാവ് ജനിച്ചത്. 1918 സെപ്തംബർ 8-നായിരുന്നു കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവിന്റെ ജനനം. വരാപ്പുഴ അതിരൂപതയുടെ മെത്രാപ്പോലീത്തമാരായി നിസ്തുലമായ സേവനം കാഴ്ചവച്ച് അതിരൂപതയുടെ ആദ്ധ്യാത്മികവും ഭൗതികവുമായ പുരോഗതിക്കുവേണ്ടി തങ്ങളുടെ സേവനസപര്യയിലുടനീളം അക്ഷീണം ശുശ്രൂഷ ചെയ്ത ശ്രേഷ്ഠഇടയന്മാരാണ് ഈ അഭിവന്ദ്യ പിതാക്കന്മാർ. 1971 ഏപ്രിൽ 8 മുതൽ 1986 ഒക്ടോബർ 19 വരെ പതിനഞ്ചുവർഷക്കാലം അഭിവന്ദ്യ ജോസഫ് കേളന്തറപിതാവ് വരാപ്പുഴ അതിരൂപതയെ നയിച്ചു. അദ്ദേഹത്തിന്റെ പിൻഗാമിയായി 1987 മാർച്ച് 19 മുതൽ 1996 ആഗസ്റ്റ് 5 വരെ അഭിവന്ദ്യ കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവ് വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്തയായി ശുശ്രൂഷ ചെയ്തു. ഈ അഭിവന്ദ്യ മെത്രാപ്പോലീത്തമാരുടെ ശ്രേഷ്ഠമായ സ്മരണകളോടെ ഇരുവരുടെയും ജന്മശതാബ്ദി നാം ആചരിക്കുന്നു. ഇതിനോടനുബന്ധിച്ച് അഭിവന്ദ്യ ജോസഫ് കേളന്തറപിതാവിന്റെ 32-ാം ചരമവാർഷികദിനമായ 2018 ഒക്ടോബർ 19-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 5.30 ന് എറണാകുളം സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രലിൽവച്ച് എന്റെ മുഖ്യകാർമ്മികത്വത്തിൽ ഒരു സമൂഹദിവ്യബലി അർപ്പിക്കപ്പെടുന്നുണ്ട് എന്ന് നിങ്ങളെ സ്നേഹപൂർവ്വം അറിയിക്കുകയും ആ അനുസ്മരണാദിവ്യബലിയിൽ സാധിക്കുന്ന എല്ലാ വൈദികരും സന്ന്യ

സ്തരും അല്മായരും സംബന്ധിച്ച് ജനനത്തിന്റെ നൂറുവർഷങ്ങൾ പിന്നിടുന്ന അഭിവന്ദ്യരായ ജോസഫ് കേളന്തറ പിതാവിനും കൊർണേ ലിയൂസ് ഇലഞ്ഞിക്കൽ പിതാവിനും പ്രാർത്ഥനാഞ്ജലികളർപ്പിക്കു വാൻ ഞാൻ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു.

എറണാകുളം — ✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
7.10.2018 — വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത

**NOTIFICATION - 14**

# Transfers

1. **Rev. Fr. Sibi Choothamparambil**
   Switzerland

2. **Rev. Fr. Sebastian Vattaparambil**
   Germany

7 October 2018 — **Chancellor**
Ernakulam

## CASUS
## October 2018

The anointing of the sick is conferred on seriously ill persons by anointing them with oil using the words prescribed in the liturgical books (Can. 998). The celebration of this sacrament consists especially in the laying on of hands by the priests of the Church, the offering of the prayer of faith, and the anointing of the sick with oil made holy by God's blessing (RA=Rite of Anointing and Pastoral Care of the Sick). The minister must use olive oil or another plant oil that the bishop has blessed recently; he may not use old oil, except in necessity. The pastor should obtain the sacred oils from his own bishop and keep them in a suitable place(Can 847).Priests should make sure that the oil remains fit for use and replenish it yearly when the bishop blesses oil on Holy Thursday or more frequently if necessary (RA, 22). The bishop ordinarily blesses the oil of the sick at the Chrism Mass on Holy Thursday. Besides a bishop, those who can bless the oil to be used in the anointing of the sick are those who are equated in law with the diocesan bishop and, in necessity, any presbyter, provided the oil is blessed during the celebration of the sacrament (Can. 999; RA, 21). The anointing is to be carefully administered in accord with the words, order, and manner prescribed in the liturgical books. The sacramental form for the anointing of the sick in the Latin Church, "Through this holy anointing, may the Lord in his love and mercy help you with the grace of the Holy Spirit. May the Lord who frees you from sin save you and raise you up" (See RA, 25).

### Questions

1. Who and when can bless the oil to be used in the Anointing of the sick (Ref. Can. 999)
2. Who is the minister of the Anointing of the Sick? (Ref. Can. 1003)

3. Who are capable of receiving the Anointing? (Ref. Can. 1004)

4. Can deacons administer the sacrament of anointing of the sick? (See CDF, Instruction, *Ardens Felicitatis*, 14 September 2000, in *EV*, Vol. 19, nn. 1284-1293).

The *Code of Canon Law,* in Can. 1003, §1 (cf. also can. 739 1 of the *Code of Canons of the Eastern Churches*) exactly reflects the doctrine expressed by the Council of Trent (Session XIV, can. 4: DS 1719; cf. also the *Catechism of the Catholic Church*, n. 1516), which states that "only priests (Bishops and presbyters) are ministers of the Anointing of the Sick".

This doctrine is *definitive tenenda*. Neither deacons nor lay persons may exercise the said ministry, and any action in this regard constitutes a simulation of the Sacrament.

*From the Offices of the Congregation for the Doctrine of the Faith, Rome, 11 February 2005, the Memorial of Our Lady of Lourdes,* CONGREGATION FOR THE DOCTRINE OF THE FAITH, ***Note on the Minister of the Sacrament of the Anointing of the Sick*, Cardinal Joseph Ratzinger** *Prefect.*

5. Can the sick suffering from HIV/AIDS be anointed? (See, Can. 213)

6. Is it permitted to anoint those who are in irregular marital union?

7. Can a catholic minister anoint a non-catholic Christian? (See Can. 844, §§3-4).

8. Can a catholic receive the sacrament of anointing from a non-catholic Christian minster? (See Can. 844, §2).

9. How many times can a person receive the sacrament of anointing of the sick?

10. What is the nature of the Anointing of the sick? (Ref. Can. 998)
11. What is the manner of Anointing? (Ref. Can. 1000).
12. Have you ever experienced a situation of necessity, especially during the **Floods of 2018**, blessing the oil and anointing?

---

N.B: **ഈ മാസം വൈകുന്നേരങ്ങളിൽ ആഘോഷമായ ജപമാലയർപ്പണം ഉള്ളതിനാൽ നമ്മുടെ കാസൂസും, മാസധ്യാനവും പകൽ സമയം (ഉച്ചയ്ക്കു മുമ്പ്) നടത്തുന്നത് അഭികാമ്യമായിരിക്കും എന്ന് അറിയിക്കുന്നു.**

---

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre, Kakkanad, Kochi - 21